# പ്രസന്നകേരളം

ആർ. സുഗതൻ

## കാഷ്മീർ ചോദിക്കുന്നു

കാഷ്മീർ പ്രകൃതിസുന്ദരമാണ്. പ്രഖ്യാതമായ ചരിത്ര പാരമ്പര്യവും ഇതിനില്ലാതില്ല. ആണ്ടുതോറും അനേകായിരം യാത്രക്കാരായ സന്ദർശകരെ ആകർഷിക്കത്തക്കവിധം സസ്യശ്യാമളകോമളമാണത്രേ കാഷ്മീർ. മററിടങ്ങളിൽ കാണാൻ കഴിയാത്തതായ പക്ഷിമൃഗാദികളും ഇവിടെ ഉണ്ട്.

എന്നാൽ ഈയിടെ ഈ രാജ്യം മറെറാരു നിലയിലും പ്രസിദ്ധി നേടിക്കഴിഞ്ഞു. ഇന്നത്തെ കാഷ്മീർ, ജനാധിപത്യത്തിന്റെ കുരുതിക്കളമായിരിക്കുന്നു. സ്വാതന്ത്ര്യപ്പോരാളികളുടെ ചുടുരക്തംകൊണ്ട് വരച്ച ഭീകര സൌന്ദര്യമാണ് ഇപ്പോൾ ഇതിനുള്ളത്.

"ഷോഗ്രാമവനം" എന്നാണ് അവിടുത്തെ മഹാരാജാവിന്റെ മാളികയുടെ പേർ. അവിടെ നിന്നും ഇറക്കിവിടുന്ന ദുർഭരണത്തിൽ നിന്നു മോചനം കിട്ടാനുള്ള സമരമാണ് ഇന്ന് ജനങ്ങൾ ഒന്നുചേർന്നു നടത്തുന്നത്. ഇതിന്റെ നേതാവ് ഷേക്ക് അബ്ദുള്ളയാണ്. ഈ സമരത്തിലെ നേതാക്കന്മാരെ അറസ്റ്റു ചെയ്തു. ജനങ്ങളെ വെടിവച്ചു. ഒരുതവണയല്ല; രണ്ടു തവണയുമല്ല; മുപ്പതു നാൽപ്പതു തവണ. എന്നിട്ടും ജനങ്ങൾ പിന്മാറുന്നില്ല. പട്ടാളക്കാർക്ക് ഈ കൂട്ടക്കൊല നടത്താൻ കഴികയില്ലെന്ന് പറഞ്ഞ് അവർ പിന്മാറി. ഭരണാധികാരികൾ അവരെയും ശിക്ഷിച്ചു. രാജാവും അദ്ദേഹത്തിന്റെ മന്ത്രിയും മർദ്ദനമുറകൾ മുറയ്ക്കു നടത്തുന്നു. ഭരണം മരണനാടകം നടത്തിവരുന്നു. തീയ്യും തീകായാൻ തോന്നി. എന്ന് തണുപ്പിന്റെ കാഠിന്യം വർണ്ണിക്കുന്ന കൂട്ടത്തിൽ ചെറുശ്ശേരി നമ്പൂരി കൃഷ്ണഗാഥയിൽ വർണ്ണിച്ചിരിക്കുന്നതുപോലെ—കൊല്ലാനും ചാവാനുംഉള്ള വേല ഏറെറടുത്ത പട്ടാളക്കാർക്കുപോലും ആ വേലയിൽ വെറുപ്പു തോന്നി. അത്രയേറെ കൊന്നൊടുക്കി അവർ മരവിച്ചു. എന്നിട്ടും ഭരണാധികാരി പിന്മാറുന്നില്ല. വഴിയേ നടക്കുന്നവരെ ബയണററു കാണിച്ച് പേടിപ്പിക്കുന്നു. തലപ്പാവ് അഴിപ്പിച്ചു മുട്ടിട്ടു റോഡിൽക്കൂടി നിരങ്ങിക്കുന്നു. എന്നിട്ട് "മഹാരാജകിജെ" എന്നു വിളിക്കാൻ തോക്കുചൂണ്ടിക്കൊണ്ടു പറയുന്നു. ഫ്രാൻസിലെ സ്വാതന്ത്ര്യപ്രേമികളുടെ നേരെ ക്രൂരനായ എഡ്വേർഡ് തൃതീയൻ ചെയ്തതും ഇതു തന്നെ ആയിരുന്നു.

ദിവസംതോറും ജനങ്ങളുടെ ശവവും ചോരയും കൊണ്ട് കാഷ്മീരം നിറയുന്നു. മഹാരാജാവിന്റെ തോട്ടത്തിലെ അരമനയുടെ അടുത്തുള്ള പൊയ്കയിൽ വെള്ളത്തിൽ താഴ്ന്നു ചെന്ന ജനങ്ങൾ—"ക്വിററ് കാഷ്മീർ" — "ഇൻക്വിലാബ് സിന്ദാബാദ്" എന്നു വിളിച്ചുപറഞ്ഞുകൊണ്ടു തിരിച്ച് അടുത്തു. അവരേയും പട്ടാളക്കാർ വെടിവെച്ചു. തടാകജലം ചോരമയമായി. ജനങ്ങളെ കൊന്നൊടുക്കിക്കൊണ്ട് ബ്രിട്ടീഷ് പട്ടാളത്തിന്റെ സഹായത്തോടു കൂടി ചെങ്കോലും കിരീടവും രക്ഷിക്കാമെന്നാണ് കാഷ്മീരധിപന്റെ ഉന്നം.

ജനങ്ങളുടെ കശാപ്പുശാലയായ കാഷ്മീറിലെ നേരായ വിവരങ്ങൾ പുറത്തു വിടുന്നില്ല. യുണൈറെഡ് പ്രസ്സ്, ഹിന്ദു, ഹിന്ദുസ്ഥാൻടൈംസ്, അമൃതബസാർ പത്രിക, സ്റ്റേററ്സ്മാൻ എന്നീ പത്രങ്ങളുടെ പ്രതിനിധി കാഷ്മീർ പ്രധാന മന്ത്രിയായ മി. രാമചന്ദ്രകാക്കിന്റെ മരുമകനാണ്. അമ്മായിഅച്ഛന് ദോഷകരമായ വർത്തമാനങ്ങൾ ഒന്നും അയാൾ എഴുതുകയില്ല. അത്രയും നേരും വിവേകവും അലിഞ്ഞുചേർന്ന സന്തതിയാണ് അദ്ദേഹം. അസ്സോഷ്യേററഡ് പ്രസ്സിന്റെ പ്രതിനിധിയും മി. റെഡ്ഡിയാണ്. ഇയാൾ മുഴുത്ത 'പിന്തിരിപ്പനാണ്'. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ചെരുപ്പിലെ പൊടി നക്കുന്നതിൽ ഏററവും വിദഗ്ദ്ധനുമാണ്. "ജനങ്ങൾ ലഹള ഉണ്ടാക്കി. ലഹള അമർത്താൻ വെടിവച്ചു. ഒരാൾ മരിച്ചു. രണ്ടുപേർക്ക് പരുക്കുപററി" എന്നെല്ലാമാണ് വർത്തമാനം പുറത്തുവരുന്നത്.

ശ്രീ: ജവഹരിലാലും, മററു ചില പത്രപ്രതിനിധികളും ആണ് കുറെയെങ്കിലും കാഷ്മീർ സംഭവങ്ങളുടെ തനിനിറം പുറത്തുകൊണ്ടുവന്നത്. പ്രസംഗനിരോധം, പൌരസ്വാതന്ത്ര്യനിരോധം, കൂട്ടക്കൊല ഇതെല്ലാം കൊണ്ട് കാഷ്മീർ ജനങ്ങൾ പൊറുതികെട്ടു. അവരുടെ രോഷാഗ്നി ആളിക്കാനാണ് ഇവിടുത്തെ മന്ത്രിയും കൂട്ടരും "കൃത്യബോധ"ത്തോടെ ശ്രമിക്കുന്നത്.

അതുകൊണ്ടെന്തുവന്നു? "ഒരു നിമിഷം ജീവിച്ചാലുംമതി. രാജാവിനെതിരായി പറയണം; പ്രവർത്തിക്കണം;" എന്ന മനോഭാവത്തിലേയ്ക്ക് കാഷ്മീർ ജനങ്ങൾ എത്തുകയാണ്. "ക്വിററ് കാഷ്മീർ" മുദ്രാവാക്യം വിളിക്കരുത്. എന്ന് ജവഹരിലാൽ പറഞ്ഞിട്ടും ആളുകൾ ആ വിളിയെ ആവർത്തിക്കുന്നത് ഇതിനു തെളിവാണ്.

സ്വാർത്ഥരായ പല നാട്ടുരാജ്യമന്ത്രിമാരുടെയും ദുശ്ശാഠ്യത്തിന്റെ ഫലമായി ജനങ്ങൾ രാജവാഴ്ചയ്ക്ക് എതിരാകാറുണ്ട്. അങ്ങനെ ചരിത്രവുമുണ്ട്. രാമചന്ദ്രകാക്കിന്റെ പണിയുമിതുതന്നെയാണ്.

രാജവാഴ്ച ഉണ്ടായ കാലം മുതൽ രാജാവിനെതിരായുള്ള ചിന്താഗതിയും ഉള്ളതാകുന്നുവെങ്കിലും അതിന് തീയും എണ്ണയും കൊടുക്കുന്നത് കാക്കിനെപ്പോലെയുള്ള മന്ത്രിസത്തമന്മാരാണ്.

ക്യാബിനററു മിഷ്യന്റെ പുതിയ ഭരണഘടനയിൽ രാജസ്ഥാനികൾക്കു വളരെ സൌജന്യങ്ങളും സൌകര്യങ്ങളും അനുവദിച്ചിട്ടുണ്ട്. ജനരക്ഷയ്ക്കല്ല; ബ്രിട്ടീഷ്കാരെ രക്ഷിക്കാൻ മാത്രം, ജനദ്രോഹത്തിനുള്ള പദ്ധതികൾ യഥേഷ്ടം നടപ്പിലാക്കാൻ എന്നർത്ഥം.

ഇൻഡ്യയിലെ മൂന്നിലൊന്നുസ്ഥലം നാട്ടുരാജ്യങ്ങളാണ്. ഇവയിലെ ജനസംഖ്യ ഏകദേശം ഇൻഡ്യയിലെ ആകെ ജനസംഖ്യയുടെ നാലിലൊന്നാണ്. ഇൻഡ്യൻ സ്വാതന്ത്ര്യത്തിനായി നടന്നു വരുന്ന ദേശീയ പ്രക്ഷോഭത്തിനു നാട്ടുരാജ്യങ്ങൾ സുപ്രധാനമായ പങ്കു വഹിക്കുന്നുണ്ട്. പട്ടാളത്തെ ഇവിടെ നില നിർത്തി ജനങ്ങളെ കൊള്ളയിടാനുള്ള ഉറവക്കുഴലുകളായിട്ടാണ് ബ്രിട്ടീഷ് സാമ്രാജ്യം നാട്ടുരാജ്യങ്ങളെ സംഘടിപ്പിച്ചിരിക്കുന്നത്.

ബ്രിട്ടന് ഇൻഡ്യയിൽ കാലുറപ്പിച്ചു നിൽക്കാനുള്ള നെടുംകോട്ടകളാണ് നാട്ടുരാജ്യങ്ങൾ. പ്രജാപ്രഭുത്വപരമായ എല്ലാ പരിപാടികളുടേയും നേരെ ഇവയുടെ എതിർപ്പ് ഏറിവരും. ബ്രിട്ടന്റെ പട്ടാളം പോകുന്നതുവരെ. അവരെ പോററുന്ന ജന്മിയും, മുതലാളിയും, ജനങ്ങളുടേതു ആകുന്നതു വരെ. അല്ലെങ്കിൽ ജന്മി മുതലാളി വ്യവസ്ഥകൾ ജനങ്ങൾ തകർത്തു തള്ളുന്നതു വരെ.

ജനങ്ങളുടെ ജയിലിൽ കാഷ്മീർ ഭരണക്കാരെപ്പോലെയുള്ളവരെ വളഞ്ഞു നിർത്താൻ കഴിയുന്ന ത്രികക്ഷികളുടെ ഐക്യം ഉണ്ടാകും വരെ— "ഞാൻ മന്ത്രി" മാരെല്ലാം ഈ തരം വേട്ടകൾ നടത്തും—ഭോഷ്ക്കു പറയും.

നരവേട്ട, സ്ത്രീവേട്ട, ശിശുവേട്ട, ഇതെല്ലാം കാക്കിനെപ്പോലുള്ളവരുടെ ധൈര്യത്തിന്റെ അടയാളങ്ങളാണ്.

ഗ്രാമീണ കർഷകന്റെ മ

(ശേഷം 12.ാംപേജിൽ)

---

### വിഷയവിവരം

1 കാശ്മീർ ചോദിക്കുന്നു– സുഗതൻ.
2 ആററംബോംബു മഹാമഹം– ഗോപി.
3 ശവകുടീരം-ചെറുകഥ– എം. പ്രഭ.
3 അനശ്വരതയിലേക്കുള്ള ക്ഷണം -ഗ്രന്ഥവിഹാരം– എസ്. ഗുപ്തൻനായർ.
4 ഗാന്ധിജിയുടെ അമേരിക്കൻ പതിപ്പ്–സുരേന്ദ്രൻ.
6 രജനി പാമിദത്ത്– രമേശ്ചന്ദ്ര
7 രാജകീയ റിസർവ്വ്– എച്ച്. ജി. വെത്സ്,
8 നാണയവ്യവസ്ഥ- കെ. ദാമോദരൻ.
9 നോവൽ പംക്തി.
10 തൊഴിലാളി.

---

പ്രസന്നകേരളം
ദേശീയവാരിക.
പുസ്തകം 18 ലക്കം 12
21—7—46.
വില രണ്ടണ

## എച്ച്. ജി. വെത്സ്

# രാജകീയ റിസർവ്വ്

(സോഷ്യലിസ്റ്റ് ലീഡറിൽ നിന്ന്.
വിവർത്തനം—'സഹോദരൻ')

അമേരിക്കയിലൊ, മറെറവിടെയെങ്കിലുമോ സ്ഥാനവസ്ത്രങ്ങൾക്കും സ്ഥാനപ്പേരുകൾക്കും കൊതിയേറിയ ജനങ്ങളുള്ള ഒരു ജില്ല ഒരു രാജകീയ റിസർവാക്കുന്നതു നന്നായിരിക്കും. ലോകത്തിലെ സ്ഥാനഭ്രഷ്ടരായ രാജകുടുംബങ്ങൾക്കു അവിടെ താമസിച്ചു അന്യോന്യം സ്ഥാനപ്പേരുകളും ബഹുമതികളും വിതരണം ചെയ്യുകയും കയ്യിൽ വരുന്ന പണം മതിവരെ ചിലവാക്കുകയും ചെയ്യാം. ഈ വിശ്യവൃത്തത്തിൽ പാക്കാൻ ആരും നിർബന്ധിതരാകയില്ല. അവിടെ പാക്കാൻ ഇഷ്ടമുള്ളവരെ ഒഴിപ്പിക്കുകയും ഇല്ല. ഡംഭരേയും വിഡ്ഢികളേയും ഇങ്ങിനെ സൗമ്യമായും എന്നാൽ ഫലപ്രദമായും ഊററിമാററിയാൽ അവരെക്കൊണ്ടുള്ള ബാധയില്ലാതെ ലോകത്തിലെ ജനകീയഭരണത്തിനു സർവ്വരുടേയും ക്ഷേമം സാധിക്കുന്നതിലുള്ള ദീർഘയത്നം തുടരാം. രാജഭരണം ജനകീയഭരണത്തിനു നേരെ എതിരാണ്. അതു അങ്ങിനെ ആകാതെ തരമില്ല. കൊട്ടാരമുള്ളേടത്തു കച്ചവടത്തിനുള്ള ബഹുമതികളും സ്ഥാനപ്പേരുകളും ഉണ്ടായിരിക്കും. മനുഷ്യസമത്വം അവിടെ നിഷേധിക്കപ്പെടും. സാധാരണക്കാരനു അവിടെ കൃത്രിമവും അപമാനകരവുമായ താഴ്ചയും വരും. അവനേക്കാൾ സ്ഥിതിയുമുള്ളവർ അവനെ നിന്ദയോടുകൂടി നോക്കുമ്പോൾ അവൻ വെറുതെ മേലോട്ടുനോക്കണം. അവനു ജീവിതത്തിന്റേയും സഹജാതരുടേയും മുഖത്തു ശരിക്കു നേരെ നോക്കുവാൻ സാധിക്കയില്ല. ഈ കാരണത്താൽ ഞാൻ എന്നും ജനാധിപത്യവാദിയാണ് 50 കൊല്ലം മുമ്പെ ഞാൻ ജനാധിപത്യവാദിയായ ഏക ഇംഗ്ലീഷുകാരനായിരുന്നു. അന്നു അതു് എന്നിൽ ഒരു ഭ്രമതവും വൈകല്യവും കിറുക്കുമായിട്ടാണ് കരുതപ്പെട്ടിരുന്നതു്. ഇപ്പോൾ ലോകം മുഴുവൻ ജനാധിപത്യത്തിൽ വരികയാണ്.

വമ്പിച്ച മോസ്ലിഫണ്ടിന്റെ കാര്യം പുറത്തുവരാതെ പൊതിഞ്ഞുവെക്കുകയാണു ചെയ്യുന്നതു്. അതിനകത്തു എന്താണ് നടക്കുന്നതെന്നു ലോകത്തിലെ ജനകീയഭരണസമുദായങ്ങൾക്കെല്ലാം അറിയേണ്ടതുണ്ടു്. നമ്മുടെ രാജകുടുംബം ഈ കാര്യത്തിൽ എത്രത്തോളം പെട്ടിട്ടുണ്ടു്? പെട്ടിട്ടുണ്ടെങ്കിൽ ഹാനോവർ രാജകുടുംബം (ബ്രിട്ടീഷ്) സാവോയ് രാജകുടുംബം (ഇററലി) പോലെതന്നെ രാജ്യം വിടുകയും ഇംഗ്ലണ്ടു് അതിന്റെ പണ്ടത്തെ സ്ഥിരമായ ജനാധിപത്യപ്പഴമകളിലേക്കു അതായതു് ക്രോംവെൽ മിൽടൻ, ഷെല്ലി ഇവരുടേയും ചാർലസ് ഒന്നാമൻ രാജാവിന്റെ ചതിവുകൾക്കും രാജ്യദ്രോഹികൾക്കും വേണ്ടതു ചെയ്ത രാജഘാതകരുടേയും പഴമകളിലേക്കു വരികയും വേണം. ലോകത്തിലെ തകർന്നുവരുന്ന രാജവാഴ്ചസമ്പ്രദായത്തോടു ഇംഗ്ലീഷ്കാരെ കൂട്ടിക്കെട്ടുന്ന ഈ ജർമ്മൻ ഭരണമുള്ള ഈ രാജഭരണവും കൂടുതൽ കൂടുതൽ രഹസ്യങ്ങൾ പുറത്തുവരുന്നതുകൊണ്ടു അപകടത്തിലാകുന്നുണ്ടു്. ഈ രഹസ്യങ്ങൾ പുറത്തുവരുന്നുണ്ടു്. വരാതെ നിവൃത്തിയുമില്ല. ഈ കളങ്കം പിടിച്ച ജനങ്ങൾക്കു അവരോടു ഇനിയും ദയവായി പെരുമാറിയേക്കാമെന്നുള്ളപ്പോൾ തന്നെ എന്തുകൊണ്ടു ബുദ്ധിപൂർവ്വവും ദേശാഭിമാനപരവുമായിട്ടുള്ള സംഗതി ചെയ്തുകൂടാ?

ബ്രിട്ടീഷ് രാജകുടുംബം മോസ്ലിക്കൊ. മോസ്ലിയുടെ ഫാസിസ്റ്റ്കക്ഷിക്കൊ ധനസഹായം ചെയ്തിട്ടില്ലെന്നു ബ്രിട്ടീഷ് രാജാവിന്റെ ഖജാൻജി പറഞ്ഞിരിക്കുന്നു. രാജകീയഫണ്ടിന്റെ ഭരണം മാത്രമാണ് ഖജാൻജിക്കുള്ളതു്. രാജാവിനു സ്വകാര്യകണക്കുണ്ടായിരുന്നേക്കാം. അതിനെപ്പററി അദ്ദേഹത്തിനു അറിവില്ല. ഈ ജനശ്രുതി നിഷേധംകൊണ്ടുള്ള ഗണനപോലും അർഹിക്കുന്നില്ലെന്നാണ് ഒരു കൊട്ടാരം വക്താവ് പറഞ്ഞിരിക്കുന്നതു്.

---

ന് തടിച്ചുകൂടുന്ന മഹായോഗങ്ങളിൽ അദ്ദേഹം മുടങ്ങാതെ ഈ വിഷയം സംബന്ധിച്ചു ഗംഭീരപ്രസംഗങ്ങൾ ചെയ്തുവരുന്നു.

1940-ൽ ദത്തെഴുതിയ രണ്ടാമത്തെ അതിപ്രധാനമായ ഗ്രന്ഥം—ഇന്നത്തെ ഇന്ത്യ(India Tody) പുറത്തുവന്നു. വീണ്ടും ഇന്ത്യയിൽ നിരോധിക്കപ്പെട്ടിട്ടും നിയമവിരോധമായി ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടി പ്രസിദ്ധീകരിച്ചു ഈ പുസ്തകവും 'ആധുനികഇന്ത്യ'യെപ്പോലെ തന്നെ ദേശാഭിമാനികളായ ഭാരതീയർക്കു ഒരു പാഠ്യപുസ്തകമായും, ഇന്ത്യൻ സ്വാതന്ത്ര്യകാംക്ഷികളായ വിദേശികൾക്കു കൂടി ഒരു മഹൽശക്തിദീപമായും കാണപ്പെട്ടു. അവസാനം 1943-ൽ ബ്രിട്ടനിലെ പൊതു തിരഞ്ഞെടുപ്പുകാലത്തു് തന്റെ നിയോജകമണ്ഡലമായസ്സാർബ്ബ്രൂക്കിൽവച്ചു് ദത്തു് ഇന്ത്യാസെക്രട്ടറിയായിരുന്ന ആമറി പ്രഭുവിനെ കഠിനമായി എതിർത്തു അദ്ദേഹത്തിന്റെ ആക്ഷേപങ്ങളാൽ തന്റെ അന്തസ്സിനു പററിയ ക്ഷതം മാററുവാനായി ഒരു വർഷത്തിനകം തന്നെ ഇന്ത്യാസെക്രട്ടറിക്കു പ്രത്യേക സഞ്ചാരപരിപാടികളും പ്രചരണവേലയും കൈക്കൊള്ളേണ്ടിവന്നിട്ടുണ്ടു്. 30 000 സമ്മതിദായകർ മാത്രമുള്ള അനിയോജകമണ്ഡലത്തിൽ മാത്രം "ആമറി എന്തു ചെയ്തു." എന്നുപേരുവച്ച ലഘുലേഖകൾ 6000 വിററഴിഞ്ഞുവെന്നറിയുമ്പോൾ പാമിദത്തിന്റെ പ്രചരണത്തിന്റെ ശക്തി മനസ്സിലാവുന്നതാണ്. അവസാനമായി ഈ ലഘുലേഖകളുടെ അപ്രതിരോധമായ പ്രേരകശക്തിയാണ്, പൊതുജനാഭിപ്രായത്തെ എതിരായ് തിരിച്ചുവിട്ടു് ആ സാമ്രാജ്യദുഷ്പ്രഭുത്വത്തിന്റെ അരുമസന്താനമായ ആമറിയുടെ ചരിത്രപ്രസിദ്ധമായ പരാജയത്തിന് മൂലകാരണമായിരുന്നതെന്നു ദത്തിനെതിരായിനിന്ന ലേബർ സ്ഥാനാർത്ഥികൂടി സമ്മതിച്ചിട്ടുണ്ടു്. ദത്തു തിരഞ്ഞെടുക്കപ്പെട്ടില്ലെങ്കിലും' സാമ്രാജ്യനയത്തിനെതിരായി ഇൻഡ്യൻ സ്വാതന്ത്ര്യവാദത്തെ സുശക്തമാക്കുവാൻ അദ്ദേഹമാരംഭിച്ച അതിമഹത്തായ ആ പ്രസ്ഥാനമാണ് ഇൻഡ്യൻ പ്രശ്നത്തെ പിന്നീട് ബ്രിട്ടീഷ്രാഷ്ട്രീയാന്തരീക്ഷത്തിൽ ഉയർത്തിക്കൊണ്ടുവന്നതെന്നു പറയാം.

ഇന്ന്, ബ്രിട്ടനിലെ തൊഴിലാളികളുടേയും, നമ്മുടെ ദേശീയപ്രസ്ഥാനത്തിന്റേയും അനിഷേധ്യമായ ശക്തിവിശേഷത്തിന്റെഫലമായി, പിതാവിന്റെ ജന്മദേശത്തു് തനിക്കുണ്ടായിരുന്ന നികൃഷ്ടമായ ആ നീണ്ട നിരോധനത്തെ ഉടച്ചെറിഞ്ഞു രജനി പാമിദത്തു് ഇൻഡ്യയിലെത്തിയിരിക്കയാണ്. ഒരിക്കൽകൂടി ഡെയിലിവക്കർക്കയയ്ക്കുന്ന വാർത്തകളും (Daily worker Br: com party organ) ലേബർ മന്ത്ലിയിൽ പ്രസിദ്ധീകരിക്കുന്ന കാര്യഗൗരവമേറിയ ലേഖനങ്ങളും വഴി ഇൻഡ്യൻ സ്വാതന്ത്ര്യവാദത്തെ സധൂകരിച്ചു് ഇന്റർനാഷനൽ പ്രസ്സിന്റെ അഭിപ്രായം രൂപീകരിക്കാനും തന്മൂലം റായിട്ടർ തുടങ്ങിയ ബ്രിട്ടീഷനഭാവികൾ ചെയ്യുന്ന ദുഷ്പ്രചരണത്തെ നിമ്മാജ്ജനം ചെയ്യാനുമായി അദ്ദേഹം ഉററു ശ്രമിക്കുകയാണ്.

അദ്ദേഹത്തിന്റെ ശ്രമം ഫലപ്രദമാവുമെന്നും അടുത്ത ഭാവിയിൽ തന്നെ ഒരു സ്വതന്ത്രഭാരതത്തെ വീണ്ടും സന്ദർശിക്കുന്നതിന് അദ്ദേഹത്തിനിടയുണ്ടാകുമെന്നും നമുക്കു പ്രത്യാശിക്കാം.

(സ്വതന്ത്ര്യയിൽനിന്ന് വിവർത്തകൻ കെ. പി. എസ്.)


## രാഷ്ട്രീയനാടകം

ഉർദു പുരോഗമന സാഹിത്യകാരന്മാരിൽ അഗ്രേസരനായ
സർദാർ ആലിജാഫ്റി
എഴുതിയ

## ആരുടെ രക്തം?

(ഇന്ത്യൻ പീപ്പിൾസ് തിയേററിനാൽ ബോംബേ നഗരത്തിൽ അനവധി പ്രാവശ്യം അഭിനയിക്കപ്പെട്ടതു്.)
വിവർത്തകൻ:—പി.വി.രാമവാരിയർ. വില ഒരു രൂപാ മാത്രം.

ഡി.സി. കമ്പനി, കോട്ടയം.



## 5 പുസ്തകങ്ങൾ.

1. അനശ്വരതയിലേക്കുള്ള ക്ഷണം വി. വി. വക്കി 0—12—0
2. തകഴിയുടെകഥകൾ 1—4—0
3 നിവേദനം പൊൻകുന്നം വർക്കി. 1—8—0
4. പുരോഗമനസാഹിത്യം എന്തിന്? 1—4—0
5. മേൽവിലാസം കാരൂർ നീലകണ്ഠപ്പിള്ള 1—0—0

നാഷനൽ ബുക്ക്സ്റ്റാൾ
കളരിക്കൽ ബസാർ, കോട്ടയം.

(3-ാംപേജിൽ നിന്നു)

ൽ നാടകവേദിയിൽ പ്രദർശിപ്പിക്കാമെന്നു അവർ തെളിയിക്കുന്നു. ശാസ്ത്രം, രാഷ്ട്രം സമുദായം ഇങ്ങനെ ഏതു മണ്ഡലത്തെയും കലയ്ക്കു സ്പർശിക്കാമെന്നും അതിന്റെ തത്വങ്ങളെ ബഹുജനങ്ങൾക്കു സുഗ്രഹമാക്കിത്തീർക്കാമെന്നും വിശ്വസിക്കുന്ന ഒരു സംഘം കലാകാരന്മാരുടെ ധീരോദ്യമമാണീ സംഘടന. പണക്കൊതിയന്മാരായ വ്യവസായികളുടെ വിലാസരംഗമായി അധഃപതിച്ച നമ്മുടെ നാടകവേദിയെ വിശുദ്ധീകരിക്കാൻ ഇത്തരംമാതിരി സംഘടനയ്ക്കല്ലാതെ മറ്റൊന്നിനും കഴിവില്ല. ആയിരം പ്രസംഗങ്ങളെയും വിമർശനങ്ങളെയുംകാൾ ഫലം ചെയ്യും ഇത്തരത്തിലൊരു നാടകത്തിന്റെ രംഗപ്രയോഗം.

അനശ്വരതയിലേക്കുള്ള ക്ഷണത്തിന്റെ കഥയിതാണ്. അനേക കാലത്തെ പരീക്ഷണങ്ങളുടെ ഫലമായി ഒരു ശാസ്ത്രജ്ഞൻ അമർത്ത്യത പ്രാപിക്കാനുള്ള ദിവ്യൗഷധം കണ്ടുപിടിച്ചു. ആ കണ്ടുപിടിത്തത്തിന്റെ ഉന്മാദത്തിൽ മയങ്ങുന്ന ശാസ്ത്രജ്ഞന്റെ സ്വപ്നദർശനമാണ് നാടകത്തിന്റെ സത്താഭാഗം. ജീവാമൃതം തട്ടിയെടുക്കാനായി ഓരോരുത്തരുടെയും വരവാണ്. ആദ്യംവന്നതു സൗന്ദര്യത്തിന്റെ മൂർത്തീകരണമെന്നാഹങ്കരിക്കുന്ന ഒരു സിനിമാതാരം. പിന്നെ ജോൺബുള്ളിന്റെ ഒരു പുതിയപതിപ്പ് പിന്നെ പുരോഹിതൻ, അടുത്തതു ഹിററ്ലർ. ഇവരോരുത്തരും അവരുടെ വ്യക്തിത്വത്തെ സവിശേഷം വെളിപ്പെടുത്തുന്ന മട്ടിൽ ശാസ്ത്രജ്ഞനോടു ജീവാമൃതം ചോദിക്കുന്നു. ആർക്കും അദ്ദേഹം കൊടുക്കുന്നില്ല. സ്വപ്നം അവസാനിച്ചു. ദിത്തിക്കു വെള്ളപൂശുന്ന ഒരു വേലക്കാരൻ പ്രവേശിച്ചു അയാൾക്കു ജീവാമൃതം കൊടുത്തുകളയാമെന്നു ശാസ്ത്രജ്ഞൻ സ്വേച്ഛയാ തീരുമാനിച്ചു. സാമ്രാജ്യാധിപന്മാരും സൗന്ദര്യധാമങ്ങളുംകേണപേക്ഷിച്ചിട്ടുംകൊടുക്കാതിരുന്ന ആ ജീവാമൃതം ആ തൊഴിലാളി നിഷേധിച്ചു. അയാൾ ആ ദിവ്യൗഷധത്തിനു യാതൊരു പ്രയോജനവുംകണ്ടില്ല. വെളിയിൽക്കൂടി കടന്നുപോയ ഒരു തൊഴിലാളി ഘോഷയാത്രയിൽ പങ്കുകൊള്ളാൻ വെമ്പൽ പിടിച്ചോടിയ തൊഴിലാളിയുടെ കൈയിൽനിന്നു മരുന്നുകുപ്പി താഴെവീണു പൊട്ടുന്നതോടുകൂടി നാടകം അവസാനിക്കുന്നു.

ധ്വനിപ്രധാനമായ ഈ കഥയ്ക്കു പല വ്യാഖ്യാനങ്ങളും നൽകാനുണ്ടാകും, പക്ഷെ വ്യംഗ്യത്തെ വാച്യമാക്കുന്നതു ഒരു അനാവശ്യയത്നമാണ്. എങ്കിലും ഈ കൃതിയുടെ മേന്മ ഏതിനെ ആശ്രയിച്ചാണ് സ്ഥിതിചെയ്യുന്നതെന്നു പറയേണ്ടിയിരിക്കുന്നു. ഈ കൃതി ആധുനികലോകത്തിന്റെ ഒരൊന്നാന്തരം പരിഹാസചിത്രമാണ്. ഈശ്വരന്റെ ശക്തിയെ വെല്ലുവിളിക്കുന്ന ശാസ്ത്രജ്ഞൻ, തന്റെ സൗന്ദര്യത്താൽ ലോകത്തെ മുഴുവൻ കാൽച്ചുവട്ടിലാക്കിയെന്നാഹങ്കരിക്കുന്ന സിനിമാതാരം നല്ലവേഷവും പച്ചച്ചിരിയുമായി ലോകത്തെ വഞ്ചിക്കുന്ന ബ്രിട്ടീഷ് സാമ്രാജ്യത്വം മനുഷ്യരെയും ദൈവത്തെയും ചൂഷണം ചെയ്യുന്ന പുരോഹിതർ ഇങ്ങനെ പരിഹസിക്കപ്പെടേണ്ട പലതിനേയും ഗ്രന്ഥകാരൻ കളിയാക്കിയിട്ടുണ്ട്. ആ കളിയാക്കൽ പ്രയോജനകരവും കലാത്മകവും ആണുതാനും. ഒരു ഉദാഹരണം മാത്രം കാണിക്കാം.

ഹിററ്ലർ:- ഞാൻ ആജ്ഞാപിക്കുന്നു ജീവാമൃതം ഉടൻ എനിക്കു കാഴ്ചവയ്ക്കുക.

ശാസ്ത്രജ്ഞൻ:- എന്റെ രസികക്കൂട്ടാ അൽപ്പം ഒന്നു ക്ഷമിക്കൂ. നിങ്ങൾ ചാർലി ചാപ്ളിനല്ലെന്നു തന്നെ ഞാൻ വിശ്വസിക്കട്ടെയോ?

---

അടുത്ത ലക്കത്തിൽ

## നമ്മുടെ സാഹിത്യ നിരൂപണം

ലേഖകൻ

എ. ബാലകൃഷ്ണപിള്ള

---

ഹിററ്ലർ:- ആ ഷേക്സ്പിയറിന്റെ കാര്യം എന്നോടു മിണ്ടരുതു്. നിങ്ങൾ ഒരു ആര്യവംശജനാണെന്നു് ഞാൻ വിചാരിക്കുന്നു.

ശാസ്ത്രജ്ഞൻ:- അപ്പോൾ നിങ്ങൾ ഹിററ്ലർതന്നെ. അതെ, ഞാൻ ആര്യവംശത്തിൽ പെട്ടവനാണെന്നാണ് വിശ്വസിക്കപ്പെട്ടിരിക്കുന്നതു്. അങ്ങിനെയല്ലെങ്കിലൊ?

ഹിററ്ലർ:- അല്ലെങ്കിൽ ഒരു യൂദൻ പാകംചെയ്ത യാതൊന്നും — ജീവാമൃതമാണെങ്കിൽ കൂടി—ഞാൻ ഉപയോഗിക്കയില്ലെന്നുള്ളതാണ് കാര്യം.

ശാസ്ത്രജ്ഞൻ:-ഞാൻ യൂദനല്ല. എങ്കിലും ഒരെളിയ ശാസ്ത്രജ്ഞനായ ഞാൻ ഐൻസ്റ്റീന്റെ വംശത്തിൽ ജനിക്കുന്നതു് അഭിമാനകരമായി വിചാരിക്കുന്നുണ്ട്...."

ഇതുവായിക്കുമ്പോൾ ഈ നാടകം ഒരു സങ്കൽപ്പരംഗമാണെന്നുള്ളതുപോലും നാം മറന്നുപോകും. ഹിററ്ലറും ഒരു ശാസ്ത്രജ്ഞനുമായി കണ്ടുമുട്ടിയിരുന്നെങ്കിൽ ആ മട്ടിൽത്തന്നെ ഹിററ്ലർ സംസാരിക്കുമെന്നു് നമുക്കെന്തുകൊണ്ടോ തോന്നിപ്പോകുന്നു.

ഇതുപോലെ ഇതിലെ മറ്റു കഥാപാത്രങ്ങളും. അവർ ഏതു വർഗ്ഗത്തിനു് പ്രതിനിധീഭവിക്കുന്നുവൊ അതിന്റെ വടിവൊത്ത മാതൃകകളാണ് ഓരോരുത്തരും. സിനിമാതാരം ആറു ശതമാനവും. ഇന്നത്തെ ഒരു സിനിമാതാരമാണ്—ഗർവ്വിഷ്ഠയായ പെൺകോലവും കുഞ്ഞൻ ബാലയുടേയും ഒരു കൂട്ടിവാറ്റ്. ജോൺബുൾ ചർച്ചിലിന്റെയും, ക്രിപ്സിന്റെയും, ബെവിന്റെയും ഒരൊന്നാന്തരം സംയോഗമാണ്. ചുരുക്കിപ്പറഞ്ഞാൽ ഇതിലെ കഥാപാത്രങ്ങൾ ശ്വേധാ ജീവനുള്ളവയാണ്. പ്രചരണം എങ്ങിനെ കലാഭംഗി കളയാതെ നിർവഹിക്കാമെന്നു ആരെങ്കിലും ചോദിച്ചാൽ ഈ നാടകത്തെ നമുക്കു ധൈര്യത്തോടുകൂടി ചൂണ്ടിക്കാണിക്കാം. മലയാളത്തിലെ പുരോഗമന സാഹിത്യകാരന്മാർക്കു് ഇന്ത്യയിലെ ഒന്നാംകിട പുരോഗമനസാഹിത്യകാരന്മാരിലൊരാളായ അബ്ബാസിന്റെ ഈ കൃതി ഒരു വഴികാട്ടിയായിത്തീരുമെന്നു ഞാൻ ആശിക്കുന്നു.

ഒടുവിൽ ഇതിന്റെ മലയാള തർജ്ജിമയെപ്പറ്റി ഒരു വാക്ക്. മി. വി.വി. വർക്കി പരാജയപ്പെടുന്നില്ല. പക്ഷെ വളരെ വിജയിച്ചിട്ടുമില്ല. മൂലത്തിലെ വാചകങ്ങളുടെ ശക്തി പൂർണ്ണമായി പ്രതിഫലിപ്പിക്കാൻ സാധിക്കാതെവന്നിട്ടുള്ള ഭാഗങ്ങൾ ഇതിലുണ്ട്. ഒന്നു രണ്ടു ഉദാഹരണങ്ങൾ ഇതാ. രണ്ടാംവശത്തു് ജോൺബുള്ളിന്റെ പ്രസ്താവനയിൽ "എന്നാൽ ഞാൻ ജോൺബുൾ തന്നെ. 1944-ലിലെ "ജോൺബുൾ" എന്നു കാണുന്നു. അവിടെ "1944 മോഡൽ ജോൺബുൾ" എന്നു തന്നെ ആകാമായിരുന്നു.

പിന്നെയും ജീവാമൃതം ചോദിച്ചുകൊണ്ട് ജോൺബുൾ പറയുന്നു "എന്നാൽ..........അളു എനിക്ക്.... .........അതിൽ ഒരു തുടം..................എനിക്കു കിട്ടിയാൽ വിരോധമില്ല." "I don't mind taking an ounce" എന്ന മൂലത്തിന്റെ ശക്തിയും കുശലതയും അതിൽ സ്ഫുരിക്കുന്ന ഔദ്ധത്യവും ഈ തർജ്ജിമയ്ക്കില്ല.

ഗ്രന്ഥത്തിന്റെപേരുതന്നെയും "അമർത്ത്യതയിലേക്കുള്ള

---

അടുത്ത ലക്കത്തിൽ

## മാററം

ലേഖകൻ

വി. സി. ചാക്കോ എം എ.

---

ക്ഷണം" എന്നായിരുന്നെങ്കിൽ കുറച്ചുകൂടി ഭംഗിയായിരുന്നേനെ എന്നും എനിക്കു പക്ഷമുണ്ട്. പക്ഷെ ഇതൊക്കെ ചില്ലറ പിശകുകളെന്നേയുള്ളു. കാര്യമാക്കാനില്ല.

ഗ്രന്ഥത്തിന്റെ പ്രസാധകന്മാർ നിർലോപമായ പ്രശംസയ്ക്കു അർഹരാണ്. പുറം ചട്ടയുടെ ഡിസയിൻ, അച്ചടി, മൂലഗ്രന്ഥത്തിലെ ചിത്രങ്ങളുടെ പകർപ്പു, ഇതെല്ലാം ആശിക്കാവുന്നിടത്തോളം ഭംഗിയായി അവർ നിർവഹിച്ചിരിക്കുന്നു.

---

For

**BANKING BUSINESS**

of every description

Branches at

1. PALAI
2. PIRAVAM.
3. PAMPADI
4. KOTHAMANGALAM
5. KUMARAKAM
6. EARATTUPETTA,
7. KALAKETTI
8. ERUMELI.
9. KOTTAYAM.

APPROACH

ORIENT

CENTRAL

BANK LTD.,

KOTTAYAM.

